മി. സ്പീക്കർ: 4 ചോദ്യം വരണമെന്ന് പറയുന്നത്, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലാണ്. അങ്ങനെയാണെങ്കിൽ ഈ നേതാക്കൻമാർക്ക് മാത്രമേ ചോദ്യം കിട്ടുകയുള്ളൂ. വേറെ ആർക്കും കിട്ടുകയില്ല. അതിൽ അഞ്ച് പേർ വരുമ്പോൾ തന്നെ 15 മിനിട്ട് ആകും. 4 ചോദ്യം വരണമെന്നുണ്ടെങ്കിൽ സപ്ലിമെന്ററി അനുവദിക്കാനേ പറ്റുകയില്ല. ഇനി അതിനു വേണ്ടി സമയം കളയാനില്ല.

ശ്രീ. ബി. വിജയകുമാർ: പ്രതിപക്ഷത്തിനും ഭരണ കക്ഷിക്കും 1:1 എന്ന അനുപാതത്തിൽ ചോദ്യം അങ്ങ് അനുവദിച്ചാൽ, ഞങ്ങൾക്കാർക്കും ചോദ്യം കിട്ടത്തില്ല.

റോഡു നിർമ്മാണത്തിനു മേൽനോട്ടം വഹിക്കാൻ സമിതികൾ

2 (*122) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകാനും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കാനും സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെകിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സംസ്ഥാനത്തെ റോഡുകൾ വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ, ടെലിഫോൺ കേബിൾ മുതലായവ സ്ഥാപിക്കുന്നതുമൂലമുള്ള അപകടങ്ങളും ധനനഷ്ടവും ഒഴിവാക്കാൻ പ്രസ്തുത കാര്യങ്ങൾക്ക് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ,

(എ&ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകാനും പ്രവൃത്തി പുരോഗതി വിലയിരുത്താനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ടാസ്ക്ഫോഴ്സുകൾ രൂപീകരിക്കുകയും ഈ സംവിധാനങ്ങൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്.

(സി) റോഡുകളുടെ കീഴെ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതു വഴിയുണ്ടാകുന്ന താൽക്കാലിക ഗതാഗത തടസ്സങ്ങൾ പരിമിതപ്പെടുത്തുക, റോഡിന്റെ അവസ്ഥ തൃപ്തികരമായി പുനഃസ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ ഏകോപിതമായി ചെയ്യുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. മേൽക്കാര്യങ്ങളുടെ ഇപ്പോഴത്തെ നിർവ്വഹണരീതി മെച്ചപ്പെടുത്തുന്നതിനായി ചില നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും അവയുടെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഒരു ക്രമീകരണത്തിന് രൂപം കൊടുത്തുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സംസ്ഥാനത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകാനും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കാനും ഉള്ള ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട് എന്ന് പറയുകയുണ്ടായി. അതുപോലെതന്നെ റോഡുകൾ വെട്ടിപ്പൊളിച്ച് പൈപ്പുലൈൻ, ടെലിഫോൺ കേബിൾ മുതലായവ സ്ഥാപിക്കുന്നതുകൊണ്ടുള്ള അപകടങ്ങളും മറ്റും നോക്കി അതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട് എന്നും ഇപ്പോൾ പറയുകയുണ്ടായി. ടാസ്ക്ഫോഴ്സിന്റെ രൂപീകരണം എങ്ങനെയാണെന്നും അതിലെ മെമ്പർമാർ ആരാണെന്നും കോ-ഓർഡിനേഷൻ മെമ്പർമാർ ആരാണെന്നും വ്യക്തമാക്കാമോ ?

ശ്രീ. എം. കെ. മുനീർ: സ്റ്റേറ്റ് ലെവലിൽ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) ചെയർമാനും സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സീനിയർ ഫിനാൻസ് ഓഫീസർ എന്നിവർ മെമ്പർമാരും ഉള്ള സംസ്ഥാനതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനും അസിസ്റ്റന്റ് എഞ്ചിനീയർ മെമ്പറുമായുള്ള ഡിസ്ട്രിക്ട് ലെവൽ ടാസ്ക്ഫോഴ്സുകളും എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന്റെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഐ.റ്റി. ഡിപ്പാർട്ടുമെന്റ്, കെ.എസ്.ഇ.ബി, ടെലിഫോൺസ് ഇതിലൊക്കെയുള്ള ആളുകൾ ഒരുമിച്ചുകൂടിയുള്ള വേറൊരു സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുമുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: റോഡുകൾ നന്നാക്കുന്ന കാര്യത്തിലും ദുർബലമായ പാലങ്ങൾ പുതുക്കിപ്പണിയുന്ന കാര്യത്തിലും ഒക്കെ വളരെ ധൃതഗതിയിലും നല്ല രീതിയിലുമുള്ള നടപടികളുമായി പോകുന്ന അങ്ങയെ ഞാൻ പ്രത്യേകം അനുമോദിക്കുകയാണ്. പക്ഷേ ഇവിടെ റോഡുകളുടെ സൈഡിൽ ടെലിഫോൺ കേബിൾ ഇടുന്നതിനും വാട്ടർ സപ്ലൈക്കുവേണ്ടി പൈപ്പുലൈനുകൾ ഇടുന്നതിനും വേണ്ടി റോഡുകളുടെ സൈഡുകൾ കുഴിച്ചാൽ പല ദിവസങ്ങൾ കിടന്നാലും അത് പൂർവ്വ സ്ഥിതിയിലാക്കാത്ത സാഹചര്യം നിലനിൽക്കുന്നു. നേരത്തെ ഒരിക്കൽ കോടതിയെ സമീപിച്ചപ്പോൾ കേബിൾ കണക്ഷനുവേണ്ടി കുഴിച്ചാൽ ആ ദിവസം തന്നെ അത് മൂടിയിടേണ്ടതാണ് എന്ന കോടതി വിധിയുണ്ടാകുകയും ചെയ്തതാണ്. എങ്കിൽപ്പോലും ഇപ്പോഴും പഴയ രീതിയിൽത്തന്നെ കുഴിച്ച് പണി കഴിഞ്ഞാൽ മൂടാത്ത സാഹചര്യമുണ്ട്. റോഡുകൾ കുഴിക്കുന്നതിന് അനുവാദം കൊടുക്കുന്ന സന്ദർഭത്തിൽത്തന്നെ ഇത്ര ദിവസത്തിനുള്ളിൽ പണി കഴിഞ്ഞിരിക്കണമെന്ന നിർദ്ദേശം കൂടി പി.ഡബ്ളിയു.ഡി.ക്ക് കൊടുക്കാൻ കഴിയുമോ? അങ്ങനെ കൊടുത്തിട്ടും അത് വയലേറ്റ് ചെയ്യുകയാണെങ്കിൽ അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻവേണ്ടി ചിന്തിക്കുമോ ?

ശ്രീ. എം. കെ. മുനീർ: ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. ഒരു ദിവസം ഒരു മണിക്കൂർ ഈ നിയമസഭയിൽ ഉത്തരം പറഞ്ഞിട്ടുള്ള ഒരു ചോദ്യമാണ്. പക്ഷേ ഇപ്പോഴും അതിന് ഒരു പരിഹാരം കാണുന്നില്ല.

കാരണമെന്താണെന്നുവച്ചാൽ പി.ഡബ്ളിയു.ഡി. അറിയാതെയാണ് പലപ്പോഴും ആളുകൾ കുഴിക്കുന്നത്. മറ്റുള്ള സംസ്ഥാനത്തെ ആളുകൾ വന്നാണ് ഈ ജോലി ചെയ്യുന്നത്. അതുകൊണ്ട് നമുക്ക് On the spot-ൽ ആക്ഷനെടുക്കാൻ കഴിയുന്നില്ല. എങ്കിലും പല സ്ഥലത്തും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ ഒരു സംവിധാനം ഇതിൽ ഉണ്ടാക്കാൻ പോകുകയാണ്. ഒരു റോഡ് നിർമ്മാണം തുടങ്ങുന്നതിനുമുമ്പ് അവിടെ എന്തെങ്കിലും ലേ ചെയ്യണമെങ്കിൽ മുൻകൂട്ടി അവർ ഞങ്ങളോട് പറഞ്ഞിരിക്കണം. ആർക്കെങ്കിലും കേബിൾ ഇടണമെങ്കിൽ, അല്ലെങ്കിൽ വേറെ എന്തെങ്കിലും ചെയ്യണമെങ്കിൽ ഞങ്ങളെ അറിയിക്കണം. അതറിയിക്കാതെ ലേ ചെയ്തശേഷം അത് ഓപ്പൺ ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ 6 മാസത്തേക്ക് അതിന് അനുമതി കൊടുക്കുകയില്ല. റെസ്റ്റോറേഷൻ പ്രോട്ടോക്കോൾ എന്ന പേരിൽ ബാംഗ്ളൂരിൽ ഈ സിസ്റ്റം ഫോളോ ചെയ്യുന്നുണ്ട്. ആ ശ്രമംതന്നെ ഈ സ്റ്റേറ്റിലും കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഒരു റോഡ് പുനരുദ്ധാരണം നടത്തിയാൽ പിറ്റേ ദിവസം തന്നെ മറ്റൊരു ഡിപ്പാർട്ടുമെന്റ് ഒരു 100 റോഡെങ്കിലും വെട്ടിപ്പൊളിച്ച് ഇടുന്നുണ്ട്. പി. ഡബ്ല്യു .ഡി.യുടെ കുഴപ്പം കൊണ്ടായിരിക്കുകയില്ല. എപ്പോഴാണ് റോഡുപണി തീരുന്നത് എന്ന് നോക്കിയിരിക്കുകയാണ് വെട്ടിപ്പൊളിക്കാൻ. അതുകൊണ്ട് മേലിലെങ്കിലും മറ്റ് ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഒരു ധാരണയുണ്ടാക്കി ഒരു വർഷത്തിനുള്ളിൽ റോഡുകൾ വെട്ടിപ്പൊളിക്കാത്ത ഒരു രീതിയിലേക്ക് മറ്റു വകുപ്പുകളെ നിയന്ത്രിക്കാൻ പി.ഡബ്ളിയു.ഡി. മന്ത്രിക്ക് കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. റോഡ് വെട്ടിപ്പൊളിക്കില്ല എന്ന് അവരെക്കൊണ്ട് സമ്മതിപ്പിക്കണം.

മി. സ്പീക്കർ : എന്റെ കുറുപ്പേ, അതിനുള്ള മറുപടിയാണ് ഇപ്പോൾ പറഞ്ഞത്. അതിനുള്ള സ്റ്റെപ്പ് എടുക്കുന്നതും മറ്റുമാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്.

ശ്രീ. എം. കെ. മുനീർ : ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സാഹചര്യത്തിൽ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഒരിക്കൽകൂടി വിളിച്ചുകൂട്ടി ഇതിന്റെ ഗൗരവാവസ്ഥ അവരുടെ മുന്നിൽ ധരിപ്പിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് വല്ലപ്പോഴെങ്കിലും വിലയിരുത്താറുണ്ടോ: നോട്ടെഴുതിയാൽ പോരല്ലോ. അതുപോലെതന്നെ മറ്റൊരു കാര്യം.....

മി. സ്പീക്കർ : ഈ ഹൗസിൽ ആദ്യം മെമ്പറായവരാണ് ശ്രീമതി കെ.ആർ. ഗൗരിയമ്മയും നിങ്ങളും.

ശ്രീ. തോമസ് ചാഴികാടൻ : കേബിൾ ഇടാൻവേണ്ടി നടപടി എടുക്കുന്നവർ ഒരു നിശ്ചിത തുക പി.ഡബ്ളിയു.ഡി.ക്ക് അടയ്ക്കണം. ട്രഷറിയിലടച്ചാൽ അത് തിരുവനന്തപുരത്തെ അക്കൗണ്ടിലേക്കാണ് വരുന്നത്. ആ പണം ഉപയോഗിച്ചുതന്നെയാണ് ഈ ജോലി ചെയ്യേണ്ടത് എന്നാണ് സാധാരണയുള്ള നിബന്ധന. പക്ഷേ ആ പണം വർക്ക് ചെയ്യേണ്ട അസിസ്റ്റന്റ് എഞ്ചിനീയർക്കോ, എ.എക്സ്.ഇ.ക്കോ കിട്ടുന്നത് ടെന്റർ നടപടികൾ പൂർത്തിയായി ആറേഴ് മാസം കഴിഞ്ഞിട്ടാണ്. അതുകൊണ്ടാണ് ഈ വർക്കിന് തടസ്സം വരുന്നത് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ഉദ്യോഗസ്ഥർ പറയുന്നത്. ആ പണം ഉടൻ തന്നെ ബന്ധപ്പെട്ട എ.എക്സ്.ഇ. യ്ക്കോ, എ.ഇ.യ്ക്കോ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; റോഡ് വെട്ടിപ്പൊളിച്ചുകഴിഞ്ഞാൽ ഉടൻതന്നെ വർക്ക് നടത്താൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. എം. കെ. മുനീർ : പഴയ കാലങ്ങളിൽ ഇംപ്രസ്ഡ് മണി എന്നുപറഞ്ഞ് ഒരു സംവിധാനം ഉണ്ടായിരുന്നു. എ.എക്സ്.ഇ.യ്ക്കോ, എ.ഇ.യ്ക്കോ ആ എമൗണ്ട് യൂസ് ചെയ്യാമായിരുന്നു. ആ ഇംപ്രസ്ഡ് മണി റിവൈവ് ചെയ്ത് വീണ്ടും അവർക്ക് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഇത്തരം ഘട്ടങ്ങളിൽ പെട്ടെന്ന് പണം എടുത്തുപയോഗിക്കാൻ സാധിക്കും.

ശ്രീ. തോമസ് ചാഴികാടൻ : റോഡുകൾക്ക് അടിയന്തിര റിപ്പയേഴ്സ് ആണ്ടുതോറും വരികയാണ്. ഒരു വർഷം പൂർത്തിയാകും മുമ്പേ വരികയാണ്. വിദേശങ്ങളിലൊക്കെയാണെങ്കിൽ നമ്മൾ ഇവിടെ പറയുന്നതുപോലെ റോഡ് വെട്ടുകയല്ല, റോഡ് പണിയുകയാണ്. മൂന്ന് മീറ്റർ വരെ മണ്ണ് എടുത്തുമാറ്റി വേറൊരിടത്തിട്ടിട്ട് പുതിയ മണ്ണ് കൊണ്ടിടുന്ന നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അങ്ങനെയുള്ള റോഡുകൾക്ക് 20 കൊല്ലത്തേക്ക് റിപ്പെയർപോലും വേണ്ട എന്നാണ് അവിടെയൊക്കെ തീരുമാനിച്ചിരിക്കുന്നത് ഇവിടെ ആണ്ടുതോറും റിപ്പെയർ വരികയാണ്. വേൾഡ് ബാങ്കിന്റെ പദ്ധതിയൊക്കെ നടപ്പിലാക്കിക്കഴിയുമ്പോഴേക്കും പ്രധാനപ്പെട്ട റോഡുകൾ ആ രീതിയിലേക്ക് മാറും. ജില്ലാ റോഡുകളൊക്കെ ഇന്നത്തെ മാനദണ്ഡത്തിനു പകരം,..... ഏറ്റവും ചുരുങ്ങിയത് 52 സെ.മീറ്റർ വരുന്ന പ്രോജക്ടിന്റെ പുതിയ മാനദണ്ഡം അനുസരിച്ച് പണിയാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ . എം. കെ. മുനീർ : നമ്മുടെ സ്റ്റേറ്റിൽ ഡിസൈൻ റോഡ്സ് ഇല്ല. ഇനിയുള്ള കാലങ്ങളിൽ ഡിസൈൻ റോഡ്സ് വേണം. മണ്ണിന്റെ ക്വാളിറ്റി വരെ ചെക്ക് ചെയ്തശേഷം, അതുപോലെ എത്ര ലോഡ് മണ്ണിന് താങ്ങാൻ സാധിക്കും എന്നൊക്കെ പരിശോധിച്ചശേഷം മാത്രമേ റോഡിന്റെ തിക്ക്നസ് തീരുമാനിക്കാൻ പാടുള്ളൂ. അതുകൊണ്ട് ഇനിയുള്ള കാലങ്ങളിൽ ഡിസൈൻ റോഡ്സിലേക്ക് പോയേ മതിയാകൂ.

ശ്രീ. ബി. വിജയകുമാർ : അങ്ങയുടെ കഴിഞ്ഞ ചോദ്യത്തിനുള്ള മറുപടിയിൽ തന്നെ പറഞ്ഞു റോഡുകളുടെ തിക്ക്നസ് കൂട്ടുകയാണ് എന്ന്. റോഡിന്റെ തിക്ക്നസ് കൂടിക്കഴിയുമ്പോൾ പൊടുന്നനെ കേബിൾ കുഴിക്കുന്നതുമൂലം പെട്ടെന്ന് റിപ്പെയർ ചെയ്ത് എടുക്കാൻ ബുദ്ധിമുട്ടുണ്ട്. റോഡ് സർഫസ് ശരിയാകുകയില്ല. അതുകൊണ്ട് ഇത് തടയേണ്ട പ്രാധാന്യം വർദ്ധിക്കുകയാണ്. അതുപോലെ സബ്ജക്ട് കമ്മിറ്റിയിൽ വന്ന ഒരു വിഷയമുണ്ട്. റിലയൻസുകാർ രണ്ടുരീതിയിൽ റോഡ് കുഴിക്കുന്നു. ഒന്ന്, മെഷീൻ വച്ച് റോഡ് കട്ട്ചെയ്ത് കേബിൾ ഇടുന്നതിനുവേണ്ടി നടത്തുന്ന ശ്രമത്തിന് ഒരു 3 ദിവസം എടുക്കുന്നു. അതിന്റെ ഭാഗമായി ധാരാളം അലർജി രോഗികൾ നമ്മുടെ നാട്ടിലുണ്ടാകുന്നുണ്ട്. ഒരാഴ്ചയെങ്കിലും ആ റോഡിൽക്കൂടി മനുഷ്യർക്ക് നടക്കാൻ പറ്റില്ല. പൊടിപടലം കൊണ്ട് റോഡ് മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രദേശമാകെ മൂടുകയാണ്. പി.ഡബ്ളിയു.ഡി.ക്ക് ഒരു നിയന്ത്രണവുമില്ല. റിലയൻസുകാർ വന്ന് റോഡുമുഴുവൻ കുഴിക്കും, പൊടിപടലം കൊണ്ട് നിറയ്ക്കും. അതിന്റ റെക്ടിഫിക്കേഷനും സമയബന്ധിതമായി നടക്കുന്നില്ല. പി.ഡബ്ളിയു.ഡി. അല്ല ചെയ്യേണ്ടത്. റിലയൻസുകാരാണ് ചെയ്യേണ്ടത്. അത് സമയബന്ധിതമായി ചെയ്യുന്നില്ല. അതുകൊണ്ട് റിലയൻസ് ഗ്രൂപ്പുകാരെ ഇതിൽനിന്നും തടഞ്ഞ് ജനങ്ങളെ രക്ഷിക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ? ഇന്ന് പാതുമരാമത്ത് വകുപ്പിന് അതിന് യാതൊരു നിയന്ത്രണവുമില്ല. അവരെ നിയന്ത്രിക്കാനാവശ്യമായ നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

മി. സ്പീക്കർ : റോഡ് ചീത്തയാകുകയും ചെയ്യുന്നുണ്ട്. അത് ശരിയാക്കുന്നുവെങ്കിലും ഭംഗിയാകുന്നില്ല.

ശ്രീ. എം. കെ. മുനീർ: ശരിയ്ക്കും പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത ഒരു ഡിസിഷനാണ്. ഐ.റ്റി.ക്ക് ഒപ്റ്റിക് ഫൈബർ ലേ ചെയ്യുന്നതിനുവേണ്ടിയുള്ള പെർമിഷൻ മാത്രമല്ല ഫുൾ റെസ്റ്റോറേഷനും അവരാണ് തരേണ്ടത്. പലപ്പോഴും റെസ്റ്റോറേഷൻ ഉദ്ദേശിച്ച രീതിയിൽ വരുന്നില്ല എന്നുള്ളതാണ്. കോംപാക്ഷൻ ശരിയാകുന്നില്ല. അതുകൊണ്ടാണ് ചില വണ്ടികൾ പോകുന്ന സമയത്ത് ടയർ കുഴിയിലേയ്ക്ക് വീണുപോകുന്നത്. ഇപ്പോൾ ഒരു പുതിയ മെഷീൻ കൊണ്ടുവരാൻ സ്പെസിഫൈ ചെയ്തുകൊണ്ട്.....അത്തരത്തിലുള്ള നിരീക്ഷണങ്ങൾ ഞങ്ങൾ മോണിറ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് സക്സസ്ഫുൾ ആണെങ്കിൽ ഞങ്ങൾ ഒരു സ്പെസിഫിക്കേഷൻ കൊടുക്കും. അല്ലെങ്കിൽ ഞങ്ങളുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുമാത്രമേ കാര്യങ്ങൾ നീക്കാവൂ എന്നുള്ള നിലയ്ക്കാണ്.

ശ്രീ. രാജു എബ്രഹാം: റോഡിന്റെ ഗുണനിലവാരവും മുഖ്യ പ്രശ്നമാണ്. ധനകാര്യ വകുപ്പിന്റെ കീഴിൽ സി.റ്റി എന്നൊരു ഏർപ്പാടുണ്ട്. എത്ര മെറ്റലുണ്ട്, എത്ര ടാർ ഉണ്ട് എന്നൊക്കെ പരിശോധിക്കാൻവേണ്ടിയാണ്. ഞാൻ എം,എൽ.എ.യായിട്ട് 7 വർഷമായി. പത്തനംതിട്ട ജില്ലയിൽ സി.റ്റി വന്ന് ഒരു പരിശോധന പോലും ഇന്നുവരെ നടത്തിയിട്ടില്ല. അതുകൊണ്ട് റോഡുനിർമ്മാണത്തിനു മുമ്പും റോഡുനിർമ്മിക്കുമ്പോഴും, റോഡു നിർമ്മാണത്തിനു ശേഷവും, വിദേശങ്ങളിൽ കൂട്ട് ചെയ്തുകൊണ്ടുപോയി പരിശോധിക്കുന്നതുപോലെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങൾ കേരളത്തിൽ നടപ്പാക്കുമോ?

ശ്രീ. എം. കെ. മുനീർ: സർ, ഞങ്ങൾ ഇതിനുവേണ്ടി ഒരു ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുണ്ട്. അവർ ഓരോ സ്ഥലത്തും ചെന്നിട്ട് ഓരോ കാര്യങ്ങളും സ്പെസിഫിക്കായി നോക്കിയശേഷമാണ് ചെയ്യുന്നത്. പ്രത്യേകിച്ച് കംപ്ലൈന്റ് കിട്ടുന്ന സ്ഥലത്ത് ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് പോയി, അങ്ങനെ രണ്ട് മൂന്ന് കേസുകൾ പിടിക്കുകയും അത് ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly